**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413** | **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളുടെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദാംശം നൽകാമോ; | (എ) | സംസ്ഥാന സർക്കാർ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നൽകി വരുന്ന സ്കോളർഷിപ്പുകൾ | സ്കോളർഷിപ്പ് തുക | റിമാർക്സ് |
|---|---|---|---|
| 1 | എൽ.എസ്.എസ് സ്കോളർഷിപ്പ് | 1000/- | വരുമാന പരിധിയില്ല |
| 2 | യു.എസ്.എസ്. സ്കോളർഷിപ്പ് | 1500/- | വരുമാന പരിധിയില്ല |
| 3 | സൈനിക് സ്കൂൾ സ്കോളർഷിപ്പ് (കഴക്കൂട്ടം സൈനിക് സ്കൂളിലെ കേഡറ്റുകൾക്ക്) | 21000/- | കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ |
| 4 | മുസ്ലിം/നാടാർ/മറ്റ് പിന്നാക്ക/മുന്നാക്ക സമുദായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | യു.പി. വിഭാഗം -125/-, എച്ച്.എസ്. വിഭാഗം - 150/- | 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 25000 ൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള യു.പി./എച്ച്.എസ് ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക്. |
| 5 | രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കേഡറ്റ് സ്കോളർഷിപ്പ്. | 21000/- | കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ |
| 6 | ശുദ്ധ സംസ്കൃതം സ്കോളർഷിപ്പ് | യു.പി- 250/-<br>എച്ച്.എസ്. - 300/- | സംസ്ഥാനത്തെ 30 ശുദ്ധ സംസ്കൃത സ്കൂളുകളിൽ 5 മുതൽ 7 വരെ പഠിക്കുന്ന 6 വീതം കുട്ടികൾക്ക് 250/- രൂപയും 8, 9 ക്ലാസുകളിൽ പഠിക്കുന്ന 6 വീതം കുട്ടികൾക്ക് 300/- രൂപയു വർഷാവസാന പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ 8, 9 ക്ലാസുകളിലെ 2 കുട്ടികൾക്ക് 150/- രൂപ വീതം നോൺ പ്ലാൻ ഫണ്ടിൽ നിന്നും നൽകി വരുന്നു. |
| 7 | സംസ്കൃതം സ്കോളർഷിപ്പ് | എൽ.പി. 100/- യു.പി.- 400/- എച്ച്.എസ്. 600/- | വർഷം തോറും നടത്തുന്ന സംസ്കൃ സ്കോളർഷിപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാഭ്യാസ ഉപജില്ലയിൽ നിന്നുള്ള എൽ.പി./യു.പി./ എച്ച്.എസ്. വിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകി വരുന്നു. |
| 8 | കലോത്സവ സ്കോളർഷിപ്പ് | 1000/- രൂപ | കേരള സ്കൂൾ കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, എന്നിവയിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് ഒറ്റത്തവണ നൽകുന്ന സ്കോളർഷിപ്പ്. |
| 9. | ഹയർസെക്കന്ററി വിഭാഗം- ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് | 5000/- രൂപ വീതം | ജനറൽ, എസ്.സി/എസ്.ടി ആർട്സ്-സ്പോർട്സ്, ഭിന്നശേഷി വിഭാഗത്തിൻപ്പെട്ടവർക്ക് എസ്.എസ്.എൽ.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ സമയത്ത തയ്യാറാക്കിയ WGPA യുടെ (Weightage of Grade Poin Average) അടിസ്ഥാനത്തിൽ ഒന്നാം വർഷക്കാരുടെ അർഹര നിർണ്ണയിക്കുന്നു. പ്ലസ് വൺ ക്ലാസുകളിൽ അർഹര നേടിയവർക്ക് പ്ലസ് ടു ക്ലാസിലു വ്യവസ്ഥകൾ പാലിക്കുന്ന പക്ഷ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |

സംസ്ഥാന സർക്കാർ നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ

1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തക വിതരണം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈത്തറി വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ യൂണിഫോം പദ്ധതി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നു.

സംസ്ഥാന ടി.ടി.ഐ/പി.പി.റ്റി.റ്റി.ഐ കലോത്സവത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 2000/- രൂപയും രണ്ടാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 1600/- രൂപയും മൂന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 1200/- രൂപയും നൽകി വരുന്നു

സബ് ജില്ലാ കലോൽസവത്തിൽ എ ഗ്രേഡ് നേടി ജില്ലാ തലത്തിലേക്ക് യോഗ്യത നേടുന്ന കുട്ടികൾക്ക് (വാർഷിക വരുമാനം 75000/- രൂപയിൽ താഴെയുള്ള) 10,000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ കുട്ടിക്കും ഒരു വർഷം കുറഞ്ഞത് 3,500/- രൂപയെങ്കിലും ലഭിക്കുന്ന

| | | | |
|---|---|---|---|
| | | | തരത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 ൽ പ്രതിപാദിച്ചിട്ടുള്ള 21 തരം വൈകല്യം അനുഭവിക്കുന്നവർക്കും ഈ പരിഗണന ലഭിക്കുന്നു.<br><br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിദ്യാലയങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന കുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ എന്ന നിലയിൽ ആഴ്ചയിൽ 2 ദിവസം 150 ML വീതം പാൽ, ഒരു ദിവസം മുട്ട /നേന്ത്രപഴം എന്നിവ നൽകി വരുന്നു.<br><br>സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ മരണപ്പെട്ടാൽ 50,000 രൂപയും ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും കുട്ടിയുടെ രക്ഷിതാവിന് ക്ലൈം ആയി നൽകി വരുന്നു.<br><br>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന സാമ്പത്തിക ആനുകൂല്യം നൽകി വരുന്നു.<br><br>സമഗ്ര ശിക്ഷ കേരള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഓരോ മാസവും ഓരോ കുട്ടിക്കും 120 രൂപ വീതം 10 മാസം ആകെ 1200/- രൂപ സ്റ്റൈപ്പന്റായി കുട്ടിയുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.<br><br>ഒന്നു മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന ഭിന്നശേഷി വിഭാഗത്തിലെ ഓരോ പെൺകുട്ടിക്കും പ്രതിമാസം 200/- രൂപ വീതം 10 മാസത്തേക്ക് പ്രതിവർഷം 2000/ രൂപ വീതം സ്റ്റൈപ്പൻറായി ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.<br><br>മലയോരമേഖലകളിൽ നിന്നും വിദ്യാലയങ്ങളിൽ വന്നു പഠിക്കുന്ന 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി യാത്രാ സൗകര്യം ലഭ്യമാക്കുന്നു.<br><br>ഭിന്നശേഷി വിഭാഗം കുട്ടികളിൽ അർഹരായവർക്ക് എസ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, റീഡർ അലവൻസ് എന്നിവ നൽകി വരുന്നു. |
| (ബി) | വിദ്യാർത്ഥികൾക്ക് നൽകിവരുന്ന എൽ.എസ്.എസ്., യു.എസ്.എസ്. ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ കുടിശികയുണ്ടോ; വിശദമാക്കുമോ; | (ബി) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്, മുസ്ലീം/നാടാർ/മറ്റ് പിന്നാക്ക/മുന്നാക്ക സമുദായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് എന്നീ സ്കോളർഷിപ്പുകൾക്ക് കുടിശ്ശിക തുക അനുവദിക്കാനുണ്ട്. കുടിശ്ശിക തുക കൊടുത്തു തീർക്കാൻ 2024-25 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിതരണ നടപടികൾ പുരോഗമിച്ച് വരുന്നു. ഇതിനായി പ്രത്യേകം പോർട്ടൽ തയ്യാറാക്കി ഡി.ബി.റ്റി വഴി തുക വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് കുടിശ്ശിക സ്കോളർഷിപ്പ് തുകകളുടെ വിതരണം പൂർണ്ണമായി ഡി.ബി.റ്റി മുഖാന്തരം കൊടുത്തു തീർക്കാൻ കഴിയുന്നതാണ്<br><br>സൗജന്യ യൂണിഫോം പദ്ധതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.<br><br>ഫണ്ടിന്റെ അപര്യാപ്തത മൂലം 2023-24 വർഷം കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് നൽകുവാൻ സാധിച്ചില്ല. ഫണ്ട് ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതിയിൽ തുക കുടിശ്ശികയുണ്ട്. |
| (സി) | എങ്കിൽ അവ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്, മുസ്ലീം/നാടാർ/മറ്റ് പിന്നാക്ക/മുന്നാക്ക സമുദായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് എന്നീ സ്കോളർഷിപ്പുകൾക്ക് കുടിശ്ശിക തുക അനുവദിക്കാനുണ്ട്. കുടിശ്ശിക തുക കൊടുത്തു തീർക്കാൻ 2024-25 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിതരണ നടപടികൾ പുരോഗമിച്ച് വരുന്നു. ഇതിനായി പ്രത്യേകം പോർട്ടൽ തയ്യാറാക്കി ഡി.ബി.റ്റി വഴി തുക വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് കുടിശ്ശിക സ്കോളർഷിപ്പ് തുകകളുടെ വിതരണം പൂർണ്ണമായി ഡി.ബി.റ്റി മുഖാന്തരം കൊടുത്തു തീർക്കാൻ കഴിയുന്നതാണ്<br><br>സൗജന്യ യൂണിഫോം പദ്ധതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.<br><br>ഫണ്ടിന്റെ അപര്യാപ്തത മൂലം 2023-24 വർഷം കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് നൽകുവാൻ സാധിച്ചില്ല. ഫണ്ട് ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതിയിൽ തുക കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ